**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2780** **13-12-2022 - ൽ മറുപടിയ്ക്ക്**

**തിരുവല്ലയിലെയും ചിറ്റൂരിലെയും പഞ്ചസാര മില്ലുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ഷാഫി പറമ്പിൽ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | തിരുവല്ലയിലെയും ചിറ്റൂരിലെയും പഴയ പഞ്ചസാര മില്ലുകൾ പുനരുദ്ധരിച്ച് പൊതുമേഖലയിൽ നിലനിർത്തുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ; | (എ) | തിരുവല്ല ട്രാവൻകൂർ ഷുഗേഴ്സ് ആന്റ് കെമിക്കൽസ് ലിമിറ്റഡ്, ചിറ്റൂർ കോ-ഓപ്പറേറ്റീവ് ഷുഗേഴ്സ് ലിമിറ്റഡ് എന്നീ പൊതുമേഖലാ സ്ഥാപനങ്ങളെ പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി എക്സൈസ് വകുപ്പ് ഏറ്റെടുക്കുകയും, മേൽ രണ്ട് സ്ഥാപനങ്ങളേയും കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷന്റെ ഇന്ത്യൻ നിർമ്മിത വിദേശമദ്യ നിർമ്മാണ യൂണിറ്റുകളായി മാറ്റുമെന്നും 27/03/2008ലെ G.O(MS)65/2008/TD നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.<br><br>ട്രാവൻകൂർ ഷുഗേഴ്സ് ആന്റ് കെമിക്കൽസ് ലിമിറ്റഡിൽ വിദേശമദ്യ ഉൽപ്പാദനം ആരംഭിക്കുകയും, നിലവിൽ 24 ലക്ഷം കെയ്സ് മദ്യം വർഷം തോറും ഉൽപ്പാദിപ്പിച്ച് കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷന് വിൽപ്പന നടത്തുകയും ചെയ്യുന്നു.<br><br>ചിറ്റൂർ സഹകരണ പഞ്ചസാര ഫാക്ടറിയുടെ പുനരുദ്ധാരണത്തിന്റെ ഭാഗമായി 16/06/2009 ൽ മലബാർ ഡിസ്റ്റിലറീസ് ലിമിറ്റഡ് എന്ന പൊതുമേഖലാ സ്ഥാപനം രൂപീകരിക്കുകയും, 13/06/2022 തീയതിയിലെ സ.ഉ(കൈ) നമ്പർ. 38/2022/നികുതി പ്രകാരം ടി സ്ഥാപനത്തിൽ ഒരു 5 ലൈൻ ബ്ലെൻഡിംഗ് ആന്റ് ബോട്ടിലിംഗ് യൂണിറ്റ് നിർമ്മിച്ച് വിദേശ മദ്യ ഉൽപ്പാദനത്തിനായുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഇതിനായി നാളിതുവരെ ഈ സാമ്പത്തിക വർഷം എത്ര തുക അനുവദിച്ച് നൽകിയിട്ടുണ്ട്; വിശദാംശം നൽകാമോ? | (ബി) | ഇതുവരെ തുകയൊന്നും അനുവദിച്ച് നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ